ആകെ നീളം	പണി തീർന്നത്	പണി പുരോഗമിക്കുന്നത്	ബാക്കി
കി.മി	കി.മി	കി.മി	കി.മി
58.50	15.865	28.485	14.15
		14.517+	
		13.968	

(വിജിലൻസ് കേസ്)

2. ഡിസ്ട്രിബ്യൂട്ടറികൾ

ആകെ നീളം	പണി തീർന്നത്	പണി പുരോഗമിക്കുന്നത്	ബാക്കി
കി.മി	കി.മി	കി.മി	കി.മി
164	25.022	70.892	88.086
		65.13+	
		5.762	

(വിജിലൻസ് കേസ്)

(1873) കായംകുളം താപനിലയത്തിലെ പദ്ധതി ബാധിതർ

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താപനിലയത്തിലെ പദ്ധതി ബാധിതർ ഇപ്പോൾ എന്തെല്ലാം അടിയന്തിരാവശ്യങ്ങളാണ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത്;

(ബി) ഇവർക്ക് എൻ.ടി.പി.സി. ഇതുവരെ നൽകിയ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് അറിയുമോ;

(സി) നിലവിലുള്ള നിയമവും കീഴ്വഴക്കവും പ്രകാരം പദ്ധതി ബാധിതർക്ക് നൽകേണ്ട എല്ലാ ആനുകൂല്യങ്ങളും എൻ.ടി.പി.സി. ഇതിനകം നൽകിക്കഴിഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇനിയും നൽകേണ്ടത് എന്ന് വെളിപ്പെടുത്തുമോ;

(ഇ) അവശേഷിക്കുന്ന ആനുകൂല്യങ്ങൾ നൽകണമെന്ന് സർക്കാർ എൻ.ടി.പി.സി. യോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(എഫ്) എൻ.ടി.പി.സി. യിലെ ഐ.ആർ.സി. യോഗം അവസാനം കൂടിയത് എന്നാണ്;

(ജി) ഐ.ആർ.സി. യോഗം കൂടാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(എച്ച്) ഐ.ആർ.സി. തീരുമാനപ്രകാരം പദ്ധതി ബാധിതരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ഐ) എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

(ജെ) ഐ.ആർ.സി. തീരുമാനത്തിന്റെ വിശദവിവരങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(കെ) ഈ ലിസ്റ്റിൽ നിന്നും യോഗ്യതയുള്ളവർ വിട്ടുപോയിട്ടുണ്ടെങ്കിൽ അവരെക്കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(എൽ) എൻ.ടി.പി.സി.യുടെ പണം ദുർവിനിയോഗം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എം) നാളിതുവരെ എത്ര രൂപയാണ് പദ്ധതി ബാധിതർക്ക് നൽകിയിട്ടുള്ളത് എന്നറിയിക്കുമോ?

ഉത്തരം

(എ) പദ്ധതി ബാധിതർ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ താഴെ പറയുന്നവയാണ്.

1) പുനരധിവസിക്കപ്പെട്ടവർക്ക് നൽകിക്കൊണ്ടിരിക്കുന്ന ധനസഹായം ഏകീകരിക്കുക.

2) ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന ധനസഹായം അപര്യാപ്തമായതിനാൽ അത് വർദ്ധിപ്പിച്ച് നൽകുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുക.

3) 1988 മുതൽ 1997 വരെയുള്ള കാലയളവിൽ താപനിലയപ്രവർത്തനം ഇല്ലാതിരുന്നതിനാൽ തൊഴിൽ നഷ്ടപ്പെട്ട പദ്ധതിബാധിതർക്ക് നഷ്ടപരിഹാരം നൽകുക.

4) പുനരധിവാസത്തിൽപ്പെട്ടവർക്കോ, അവരുടെ ആശ്രിതർക്കോ സ്ഥിരമായി തൊഴിൽ ലഭിക്കുന്നതിനുവേണ്ടി അനുബന്ധ വ്യവസായ സ്ഥാപനം സ്ഥാപിക്കുക.

5) പുനരധിവാസത്തിൽപ്പെട്ടവരുടെ ആശ്രിതർക്ക് വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ എൻ.ടി.പി.സി.യിലുണ്ടാകുന്ന ഒഴിവുകളിൽ നിയമനം നൽകുക.

6) വർക്കർ 1,2,3, വിഭാഗം പൂർണ്ണമായി നൽകുക

7) പുനരധിവാസ ലിസ്റ്റിൽപ്പെടാത്ത അർഹതപ്പെട്ടവരെ ലിസ്റ്റിൽ ഉൾപ്പെടുത്തുക.

8) കായംകുളം താപനിലയത്തിൽ നിന്നും പള്ളം, ഇടമൺ പ്രദേശങ്ങളിലേയ്ക്ക് 210 കെ.വി.ലൈൻ വലിച്ചതിനാൽ കാർഷികവിളകളും ഭൂമിയും നഷ്ടപ്പെട്ടവരെ പുനരധിവാസലിസ്റ്റിൽ ഉൾപ്പെടുത്തി നഷ്ടപരിഹാരം നൽകുക.

(ബി)(സി)&(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) ആവശ്യങ്ങൾ പദ്ധതിബാധിതർ എൻ.ടി.പി.സി.യുടെ മുന്നിലാണ് ഉന്നയിച്ചിട്ടുള്ളത്. പ്രസ്തുത ആവശ്യങ്ങളിന്മേലുള്ള എൻ.ടി.പി.സി.യുടെ അഭിപ്രായം സർക്കാർ ആരാഞ്ഞിരിക്കുകയാണ്.

(എഫ്) 14/12/98- നാണ് കായംകുളം എൻ.ടി.പി.സി.യിലെ അവസാന യോഗം കൂടിയത്.

(ജി) 2/11/1996-ലെ സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 2889/96/തൊഴിൽ പ്രകാരം കായംകുളം എൻ.ടി.പി.സി. പദ്ധതി പ്രദേശത്ത് വ്യവസായ ബന്ധസമിതി രൂപികരിച്ചു. പ്രസ്തുത സമിതിയുടെ കലാവധി 2/11/96 മുതൽ 3 വർഷത്തേക്കായിരുന്നു. പ്രസ്തുത വ്യവസായ ബന്ധസമിതി

LIBRARY ARCHIVES Kerala Legislative Assembly

യുടെ കാലാവധി 1-11-1999-ൽ അവസാനിച്ചു. ഇപ്പോൾ വ്യവസായ ബന്ധ സമിതി നിലവിലില്ല.

(എച്ച്)&(ഐ) പദ്ധതി ബാധിതരുടെ മാത്രമായ ലിസ്റ്റ് ഐ.ആർ.സി. കൂടി തയ്യാറാക്കിയിട്ടില്ല. എങ്കിലും പദ്ധതി ബാധിത പ്രദേശത്തെ വിദഗ്ദ്ധ തൊഴിലുകൾക്കായി പദ്ധതിബാധിതരും സമീപവാസികളുമടങ്ങുന്നവരുടെ ഒരു ലിസ്റ്റ് വ്യവസായ ബന്ധ സമിതി തീരുമാനപ്രകാരം തയ്യാറാക്കിയിട്ടുണ്ട്.

(ജെ) പദ്ധതി ബാധിതരും സമീപവാസികളും ഉൾപ്പെടുന്ന "ഒരു കുടുംബത്തിൽ നിന്നും ഒരാൾ " എന്ന മാനദണ്ഡത്തിൽ പ്ലാന്റ് സൈറ്റിലേക്ക് സ്ത്രീകളും പുരുഷൻമാരും അടങ്ങുന്ന 3056 പേരുടെയും ചേപ്പാട് ടൗൺഷിപ്പ് സൈറ്റിലേക്ക് സ്ത്രീകളും പുരുഷൻമാരും അടങ്ങുന്ന 626പേരുടെയും ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ഐ) പദ്ധതിബാധിതരുടെ പുനരധിവാസ പദ്ധതികൾ എൻ.ടി.പി. സി.യാണ് നടപ്പിലാക്കുന്നത്. ആയതിനാൽ എൻ.ടി.പി.സി. ഉണ്ടാക്കിയിട്ടുള്ള ലിസ്റ്റിൽ യോഗ്യതയുള്ളവരാരെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ അവർ എൻ.ടി. പി.സി.യെ സമീപിച്ച് അവരുടെ പ്രശ്നത്തിന് പരിഹാരം നേടേണ്ടതാണ്.

(എൽ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എം) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(1883) കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക

ശ്രീ. പി.എസ്. സുപാൽ :
ശ്രീ. യു.എസ്. ശശി :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. എൻ. അനിരുദ്ധൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേച നവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എത്ര മാസത്തെ; ഈ കുടിശ്ശിക എപ്പോൾ കൊടുത്തുതീർക്കാൻ കഴിയു മെന്നു വ്യക്തമാക്കുമോ;

(ബി) കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ നിന്നും ആനുകൂല്യ ത്തിന് അർഹത നേടിയിട്ടും അതു ലഭിക്കാത്ത എത്ര പേരുണ്ട്;

(സി) ഈ ക്ഷേമനിധിയുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിന് എന്തെങ്കിലും പരിപാടിയുണ്ടോ; ഉണ്ടെങ്കിൽ അത് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 6 മാസത്തെ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കുടിശ്ശിക പെൻഷൻ കൊടുത്തുതീർക്കുന്നതാണ്.

(ബി) 57249 അപേക്ഷകൾ മുൻഗണനാക്രമത്തിൽ പരിശോധിച്ച് തീർപ്പ് കൽപ്പിച്ച് ആനുകൂല്യങ്ങൾ നൽകിവരുന്നു.

(സി) ഉണ്ട്.

1) ബോർഡിന്റെ ഡിവിഷണൽ ഓഫീസർ ക്ഷേമ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഊർജ്ജിതപ്പെടുത്തുന്നതിനും വിഷമതകൾ പരിഹരി

LIBRARY ARCHIVES Kerala Legislative Assembly